(4) ഭവന വായ്പ (നബാർഡ്)

50,000 രൂപ വരെ	9.00 %
50,001 രൂപ മുതൽ 1 ലക്ഷം രൂപ വരെ	9.5 %
1,00,001 രൂപ മുതൽ 2 ലക്ഷം രൂപ വരെ	10 %
2 ലക്ഷം രൂപയ്ക്ക് മുകളിൽ	11 %
വീട് നവീകരിക്കുന്നതിന് .	
50,000 രൂപ വരെ	9.5 %
50,001 രൂപ മുതൽ 1 ലക്ഷം രൂപ വരെ	10 %
ക്രെഡിറ്റ് കാർഡ് പദ്ധതി	
50,000 രൂപ വരെ	9.5 %

സ്വയംസഹായ സംഘങ്ങൾക്ക് വായ്പ നൽകാൻ സഹകരണ സംഘങ്ങൾക്ക് പദ്ധതി

150 [3040] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ ഗവൺമെന്റിന്റെ സംഘടനകളുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച സ്വയം സഹായ സംഘങ്ങൾക്ക് വായ്പ നൽകുന്നതിന് സഹകരണ ബാങ്കുകൾക്ക് എന്തെങ്കിലും പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റ് സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ ഗ്രൂപ്പുകൾക്ക് സംഘങ്ങളിൽനിന്ന് വായ്പ നൽകുന്നതിനായി 6-9-1997-ലെ സ.ഉ.(പി.) നം. 114/97/സഹ. പ്രകാരവും കുടുംബശ്രീ പദ്ധതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകുന്നതിനായി 13-8-2004-ലെ സ.ഉ.(പി) നം. 220/2004/സഹ. പ്രകാരവും സംഘങ്ങളെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 59 (1)-ൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

2/656/2012—24.

LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് സ്വാശ്രയ ഗ്രൂപ്പുകൾക്ക് 9.5% പലിശയ്ക്ക് നൽകിവരുന്ന വായ്പ യഥാസമയം തിരിച്ചടയ്ക്കുന്ന ഗ്രൂപ്പുകൾക്ക് 5% പലിശ സബ്സിഡി സർക്കാർ നൽകിവരുന്നുണ്ട്.

സ്വാശ്രയ ഗ്രൂപ്പുകൾക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് 2 ലക്ഷം രൂപ വരെ സർക്കാർ ഓഹരി മൂലധനം അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്.

(ബി ആന്റ് സി) സഹകരണ സംഘങ്ങളെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 59(1)-ൽ നിന്നും ഒഴിവാക്കിക്കൊണ്ട് 6-9-1997-ലെ സ.ഉ. (പി) നം.114/97/സഹ. 13-8-2004-ലെ സ.ഉ.(പി). നം. 220/2004/സഹ. എന്നീ നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സർവ്വീസ് സഹകരണ സംഘങ്ങളുടെയും സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെയും പ്രവർത്തനം

151 [3041] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സർവ്വീസ് സഹകരണ ബാങ്കുകളും സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും നിലവിലുണ്ട്;

(ബി) സർവ്വീസ് സഹകരണ ബാങ്കുകളുടെയും മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടേയും പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ;

(സി) എങ്കിൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സഹകരണ ബാങ്കുകളുടേയും സഹകരണ മാർക്കറ്റിംഗ് സംഘങ്ങളുടേയും പേരിൽ നടപടികൾ സ്വീകരിച്ചു എന്നും എത്ര സംഘങ്ങളുടെ അംഗീകാരം റദ്ദാക്കി എന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ഡി) പ്രവർത്തനം നിലച്ചതുമൂലം ഇടപാടുകാർക്ക് നഷ്ടം വരുത്തിയ സഹകരണ ബാങ്കുകൾ ഏതെല്ലാമാണെന്നും അതുമൂലം അവ വരുത്തിയ നഷ്ടം എത്ര വീതമാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രവർത്തനക്ഷമമായ 1601 സംഘങ്ങൾ/ബാങ്കുകൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly